പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 330 — 25.04.2017 — ൽ മറുപടിക്ക്

# റേഷൻ കാർഡ് വിതരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എസ്.ശർമ്മ : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻകാർഡ് പുതുക്കൽ നടപടികൾ പൂർത്തിയാക്കാത്തതുമൂലം സാധാരണക്കാരായ ജനങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കേണ്ടതായ വിവിധ ധനസഹായങ്ങൾ ലഭിക്കുന്നതിന് ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. നിലവിലുള്ള റേഷൻ കാർഡ് റദ്ദ് ചെയ്തിട്ടില്ല. ആയതിനാൽ റേഷൻ വാങ്ങുന്നതിനും മറ്റെല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. |
| (ബി) റേഷൻ കാർഡ് വിതരണം വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പുതുക്കിയ റേഷൻ കാർഡ് എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ? | (ബി) | റേഷൻ കാർഡുകളുടെ ഉൾപേജുകളുടെ അച്ചടി സർക്കാർ ഏജൻസിയായ കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയേയും പുറം ചട്ടയുടെ അച്ചടിയും, ലാമിനേഷനും, സ്റ്റാപ്ലിംഗും സർക്കാർ ഏജൻസിയായ സി-ഡിറ്റിനേയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. മേയ് മാസത്തോടു കൂടി തന്നെ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

*സെക്ഷൻ ഓഫീസർ*